**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4158** **28-06-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2024 വർഷത്തിൽ സംസ്ഥാനത്ത് കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണ്; ആയതിന്റെ വില കർഷകർക്ക് പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | 2023-24 സീസണിൽ ഇതുവരെ (upto 23/06/2024) 1,98,215കർഷകരിൽ നിന്ന് 5.58 LMT നെല്ല് സംഭരിച്ചിട്ടുണ്ട്. കലണ്ടർ വർഷ അടിസ്ഥാനത്തിലോ സാമ്പത്തിക വർഷ അടിസ്ഥാനത്തിലോ അല്ല നെല്ല് സംഭരിക്കുന്നത്. എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് നിലവിൽ കർഷകരുടെ സംഭരണ വില നൽകി വരുന്നത്. ഇതിലേക്കായി 1,69,260 കർഷകർക്ക് നൽകുന്നതിനായി 1,352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേയ്ക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 1,44,396 കർഷകർക്ക് നെല്ലിന്റെ വിലയായി 1,173.81 (upto 23/06/2024) കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി വരുന്ന കർഷകർക്ക് അടിയന്തിരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | ഏതെല്ലാം ധനകാര്യസ്ഥാപനങ്ങളാണ് പ്രസ്തുത കാലയളവിൽ നെല്ല് സംഭരണത്തിൽ പങ്കെടുത്തത്; കർഷകർക്ക് കൊടുക്കാനുള്ള മുഴുവൻ തുകയും ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | (എ) പിരിവിൽ കാണാവുന്നതാണ്. |
| (സി) | 2024 വർഷം കേന്ദ്രത്തിൽ നിന്ന് നെല്ല് സംഭരണത്തിനായി എത്ര തുക സംസ്ഥാനത്തിന് ലഭിച്ചു എന്നറിയിക്കാമോ; പ്രസ്തുത തുക പൂർണ്ണമായും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | 2024-25 സാമ്പത്തിക വർഷം നെല്ല് സംഭരണ പദ്ധതിക്ക് കേന്ദ്രം തുക അനുവദിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം നെല്ല് സംഭരണ പദ്ധതിക്ക് 1320.5 കോടി രൂപയുടെ ക്ലെയിം സമർപ്പിച്ചതിൽ 1125.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കർഷകർക്ക് സമയബന്ധിതമായി നെല്ലിന്റെ വില നൽകുന്നതിന് എല്ലായിപ്പോഴും നടപടികൾ കൈക്കൊള്ളാറുണ്ട്. 2023-24 വർഷത്തിൽ കർഷകർക്ക് നൽകുന്നതിനു താങ്ങു വില ഇനത്തിൽ (MSP- Minimum Support Price) കേന്ദ്രം അനുവദിച്ച തുക പൂർണ്ണമായും കർഷകർക്ക് നൽകുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നെല്ല് സംഭരണത്തിന് ചെലവാക്കുന്ന തുകകേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നത് ത്രൈമാസ ക്ലെയിം സർക്കാരിലേക്ക് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. നെൽ കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് മില്ലുകളിൽ സൂക്ഷിച്ച്,സംസ്കരിച്ച്, അരിയാക്കി പൊതുവിതരണ വകുപ്പിന് കൈമാറി, റേഷൻ കടകൾ മുഖേന ആയത് വിതരണം ചെയ്യുന്നതിന്റെ വിവരങ്ങൾക്ക് അനുസരിച്ചാണ് കേന്ദ്രത്തിലേക്കുള്ള ക്ലെയിം തയ്യാറാക്കുന്നത്. കേന്ദ്രം അനുവദിക്കുന്ന ടി തുകയിൽ കർഷകർക്കുള്ള വിഹിതവും, മില്ലുകളിൽനിന്നും നെല്ല് അരിയാക്കി വിതരണം ചെയ്യുന്ന അനുബന്ധ ചെലവുകളും എല്ലാം ഉൾപ്പെട്ടിട്ടുള്ളതാണ്. ക്ലെയിം സമർപ്പിച്ച് കേന്ദ്രം തുക അനുവദിക്കുന്ന സമയത്തിനിടയിൽ മറ്റ് മാർഗങ്ങളിലൂടെ കർഷകർക്കുള്ള തുക സപ്ലൈകോ മുഖേന നൽകാറുണ്ട്. |
| (ഡി) | 2023-24 സാമ്പത്തിക വർഷത്തെ നെല്ല് സംഭരണത്തിലെ മുഴുവൻ തുകയും കർഷകർക്ക് ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്കാണ് തുക ലഭിക്കാനുള്ളത്; എത്ര തുകയാണ് ലഭിക്കാനുള്ളത്; വ്യക്തമാക്കാമോ? | (ഡി) | 2023- 24 വർഷത്തെ നെല്ല് സംഭരണത്തിലെ മുഴുവൻ തുകയും കർഷകർക്ക് ലഭിച്ചിട്ടില്ല. കർഷകരിൽ നിന്നും നെല്ല് സംഭരിച്ച ഇനത്തിൽ 53,819 കർഷകർക്ക് നെല്ലിന്റെ വിലയായി 407.62 കോടി രൂപ (upto 23/06/2024) വിതരണം ചെയ്യുവാനുണ്ട്. |

സെക്ഷൻ ഓഫീസർ